**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2444** **12-12-2022 - ൽ മറുപടിയ്ക്ക്**

**പിറവം നിയോജക മണ്ഡലത്തിലെ ഇലഞ്ഞിയിൽ പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം അനുമതിയാണ് ആവശ്യമായിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | പ്ലാന്റിൽ നിന്നും സംസ്കരിച്ചെടുക്കുന്ന ഭക്ഷ്യവസ്തുകൾ വിപണനം ചെയ്യുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എഫ്.എസ്.എസ്.എ.ഐ (FSSAI) ലൈസൻസ് ആണ് ആവശ്യമുള്ളത് |
| (സി) | ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ; | (സി) | ലിഫ്റ്റ് ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട സിവിൽ വർക്ക്, ഗ്യാസ് സ്റ്റേഷൻ, ലാൻഡ് സ്കേപ്പിംഗ്, ചുറ്റുവേലി നിർമ്മാണം, പെയിന്റിംഗ്, ഫയർ ഫൈറ്റിംഗ് സിസ്റ്റത്തിന്റെ ഭാഗമായുള്ള ടാങ്കിന്റെയും പമ്പ് റൂമിന്റെയും നിർമ്മാണം മുതലായ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ, പ്ലംബിംഗ്, സാനിട്ടറി സാമഗ്രികൾ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാവുന്ന മുറയ്ക്ക് സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനം എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഡി) | ലിഫ്റ്റ് ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട സിവിൽ വർക്ക്, ഗ്യാസ് സ്റ്റേഷൻ, ലാൻഡ് സ്കേപ്പിംഗ്, ചുറ്റുവേലി നിർമ്മാണം, പെയിന്റിംഗ്, ഫയർ ഫൈറ്റിംഗ് സിസ്റ്റത്തിന്റെ ഭാഗമായുള്ള ടാങ്കിന്റെയും പമ്പ് റൂമിന്റെയും നിർമ്മാണം മുതലായ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ, പ്ലംബിംഗ്, സാനിട്ടറി സാമഗ്രികൾ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാവുന്ന മുറയ്ക്ക് സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ